A1/94/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് നാലാം ഗഡു അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.339/2025/CLAD തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.216/2025/സാം.കാ.വ. തീയതി 09.04.2025
2. സ.ഉ.(സാധാ)നം.237/2025/സാം.കാ.വ. തീയതി 26.04.2025
3. സ.ഉ.(സാധാ)നം.274/2025/സാം.കാ.വ. തീയതി 17.05.2025
4. കേരള കലാമണ്ഡലം കല്പിത സർവകലാശാല രജിസ്ട്രാറുടെ 29.05.2025 ലെ കെ.കെ.എം.ഡി.യു/എഫ്-1/592/2025 നമ്പർ കത്ത്

**ഉത്തരവ്**

കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്ക് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 8,06,44,000/- രൂപ (എട്ട് കോടി ആറ് ലക്ഷത്തി നാല്പത്തിനാലായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശ ഉത്തരവുകൾ പ്രകാരം മൂന്ന് ഗഡുക്കളായി 2,10,00,000/-രൂപ (രണ്ട് കോടി പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പരാമർശം (4) പ്രകാരം നാലാം ഗഡു അനുവദിക്കുന്നതിന് കലാമണ്ഡലം രജിസ്ട്രാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കലാമണ്ഡലം കല്പിത സർവകലാശാലയ്ക്ക് 2025-26 സാമ്പത്തിക വർഷം 2205-00-101-97-31 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 59,00,000/- രൂപ (അൻപത്തൊൻപത് ലക്ഷം രൂപ മാത്രം) നാലാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക 04.01.2021 ലെ 1/2021/Fin നമ്പർ സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരളകലാമണ്ഡലം കല്പിത സർവകലാശാലയുടെ തലപ്പിള്ളി സബ് ട്രഷറിയിലുള്ള 799011400000156 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ്

ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E3114034 EDN-C3/70/2025-FIN dated 13.06.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 18-06-2025 11:55:06